LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആശുപത്രികളിലെ ഫീസ് നിരക്ക്

75 (4359) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ വിവിധ പരിശോധനകൾക്ക് ഫീസ് നിരക്ക് എത്രയാണ്; എന്നുമുതലാണ് ഇപ്പോഴത്തെ ഫീസ് നിരക്ക് നിലവിൽ വന്നത്?

ഉത്തരം

സർക്കാർ ആശുപത്രികളിലെ വിവിധ പരിശോധനകൾക്കുള്ള ഫീസ് നിരക്കുകൾ നിലവിൽവന്നത് 8-2-1994-ലെ സ.ഉ. (പി)27/94/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരമാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

സർക്കാർ ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തൽ

76 (4360) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള സേവനം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും ജീവനക്കാരുടെ സേവനം യഥാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും മരുന്നുകൾ സുലഭമായി ലഭിക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സജ്ജമാക്കുന്നതിന് ഹോസ്പിറ്റൽ അക്രഡിറ്റേഷൻ സിസ്റ്റം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എൻ.ആർ.എച്ച്.എം. മുഖേന ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര അക്രഡിറ്റേഷൻ ഏജൻസിയായ എൻ.എ.ബി.എച്ച്, എൻ.ആർ.എച്ച്.എം.-ന്റെ പദ്ധതിയിൽ ഉൾപ്പെട്ട കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് എന്നിവ ആശുപത്രികളുടെ ഗുണമേന്മ ഉറപ്പാക്കാൻവേണ്ടിയുള്ള സംവിധാനങ്ങളാണ്. സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതി കാരുണ്യ/നീതി മെഡിക്കൽ സ്റ്റോറുകളിൽ നടപ്പാക്കുന്നതുവഴി മരുന്നിന്റെ കൃത്യമായ വിതരണം നടന്നുവരുന്നു. കെ.എം.എസ്.സി.എൽ. മുഖേന ആശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും ആശുപത്രികളിൽ ലഭ്യമാക്കിവരുന്നു. ഇൻഫെക്ഷൻ കൺട്രോൾ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെയും കൃത്യമായ മേൽനോട്ടം വഹിക്കുന്നതിലൂടെയും ആശുപത്രിജന്യ പകർച്ച രോഗങ്ങളില്ലാതാക്കാൻ സാധിക്കുന്നു. ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള ഹൗസ് കീപ്പിംഗ് കമ്മിറ്റികൾ ഈ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. ലാബുകളുടെ ഗുണമേന്മ പരിശോധിച്ച് സർട്ടിഫിക്കേഷൻ നൽകിവരുന്നു. സർക്കാർ ആശുപത്രികളിൽ സേവനം ഉറപ്പുവരുത്തുന്നതിനായി സേവനാവകാശനിയമം നടപ്പിൽവരുത്തുകയും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ലീനിംഗ് ജീവനക്കാരുടെ നിയമനം കൃത്യമായി നടത്തുകയും ഒഴിവുള്ളിടങ്ങളിൽ എച്ച്.എം.സി. വഴിയും ആർ.എസ്.ബി.വൈ. വഴിയും ജീവനക്കാരെ നിയമിച്ച് ആശുപത്രികളുടെ ശുചിത്വം പാലിക്കുന്നു. സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആശുപത്രികളും സമയബന്ധിതമായി ആശുപത്രി പരിസരം വൃത്തിയാക്കുകയും തുടർപ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു. ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള ഹൗസ് കീപ്പിംഗ് കമ്മിറ്റികൾ ഈ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. എൻ.എ.ബി.എച്ച്., കെ.എ.എസ്.എച്ച്. എന്നിവയുടെ ഭാഗമായി ആശുപത്രികളിൽ പ്രത്യേക നിലവാരം പുലർത്തുന്നതിനും ഇൻഫെക്ഷൻ കൺട്രോൾ പദ്ധതിയുടെ ഭാഗമായി ആശുപത്രിജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നു. നല്ല വൃത്തിയുള്ള ആശുപത്രികൾക്കുള്ള പ്രത്യേക പുരസ്കാരങ്ങൾ, നിർമ്മൽ ഗ്രാമം, ആരോഗ്യ കേരള പുരസ്കാരം എന്നിവയിലൂടെ പ്രോത്സാഹനവും നൽകുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴിയാണ് മരുന്നുകൾ വിതരണം നടത്തുന്നത്. മരുന്നുകൾ സുലഭമായി ലഭിക്കുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly